**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3595** **26.06.2012-ൽ മറുപടിയ്ക്ക്**

**ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പൂർത്തീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണ ശൃംഖലയുടെ പരിഷ്കാരങ്ങൾ റീസ്ട്രക്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്പ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രം അഥവാ ആർ.എ.പി.ഡി. ആർ.പി. പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശവും പ്രവർത്തനം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി മേഖലാടിസ്ഥാനത്തിൽ അവലോകന യോഗങ്ങൾ കൂടുകയും പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>04-09-2010-ലെ സർക്കാർ ഉത്തരവ് G.O (Ms) No.19/2010/PD പ്രകാരം കേരള സർക്കാർ, ആർ. എ.പി. ഡി. ആർ. പി പാർട്ട് - എ യുടെ ഭാഗമായിട്ടുള്ള ഐ. ടി ഇംപ്ളിമെൻേറഷനു വേണ്ടിയുള്ള കരാർ കൊറിയൻ കമ്പനിയായ കെ. ഡി. എന്നിനു നൽകാനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകി. തുടർന്ന് 27-12-2010-ലെ സർക്കാർ ഉത്തരവ് G.O (Rt) No. 281/2010/PD പ്രകാരം കരാർ റദ്ദു ചെയ്യുകയും കെ. എസ്. ഇ. ബിയോട് റീ ടെണ്ടർ ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഈ അവസരത്തിൽ കെ. ഡി. എൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും 27-12-2010 ലെ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ടുള്ള ഒരു ഉത്തരവ് W.P No. 311/2011 മുഖേന 05-01-2011 ൽ സമ്പാദിച്ചു. 08-05-2012-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പ്രകാരം 27-12-2010 ലെ സർക്കാർ ഉത്തരവ് |

അസാധുവാക്കി.
സർക്കാർ ഹൈക്കോടതി വിധി സ്വീകരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പുന:രാരംഭിക്കുന്നതിനുള്ള നടപടികൾ വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുണ്ട്.
പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള സ്കാഡ (SCADA) ഇംപ്ളിമെന്റേഷനു വേണ്ടി 15-06-2012 ൽ തുറന്ന ടെണ്ടറുകളുടെ ഇവാലുവേഷൻ നടപടികൾ പുരോഗമിക്കുന്നു.

(സി) അഞ്ചുവർഷക്കാലാവധിക്കുള്ളിൽ എത്ര ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തിയാക്കാൻ വിഭാവനം ചെയ്തിട്ടുള്ളതെന്നും, എന്തുതുകയാണ് സംസ്ഥാനത്തിന് വിഹിതമായി ലഭിക്കാവുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി രണ്ടു ഭാഗങ്ങളായാണ് നടപ്പിലാക്കുന്നത്. വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികളും, തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ SCADA/DMS പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികളും ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വൈദ്യുതി മേഖല ശക്തിപ്പെടുത്തി സാങ്കേതിക വാണിജ്യ നഷ്ടം 15% ആക്കി കുറക്കുന്നതിനുള്ള പദ്ധതികൾ രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒന്നാം ഭാഗത്തിലെ പ്രവൃത്തികൾ ചെയ്യുന്നതിനായി 297.55 കോടി രൂപ കേന്ദ്ര ഗവൺമെന്റ് ലോണായി നൽകുന്നതാണ്. ആർ. എ. പി. ഡി. ആർ. പി പാർട്ട്-എ യുടെ ഭാഗമായുള്ള ഐ. ടി പദ്ധതി നോഡൽ ഏജൻസിയായ പി. എഫ്. സി (പവർ ഫിനാൻസ് കോർപ്പറേഷൻ) വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച 26-11-2009 മുതൽ മൂന്നു വർഷത്തിനകം പൂർത്തിയാക്കിയാലേ പദ്ധതിയ്ക്ക് അനുവദിച്ച തുക ഗ്രാന്റ് ആയി നൽകൂ എന്നാണ് നിബന്ധന. ഈ നിബന്ധന തന്നെയാണ് പാർട്ട്-എ യുടെ ഭാഗമായുള്ള സ്കാഡ പദ്ധതിക്കും നിഷ്ക്കർഷിച്ചിട്ടുള്ളത്.
ആർ.എ.പി.ഡി.ആർ.പി പാർട്ട് -എ യിലെ ഐ. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 214.38 കോടി രൂപയുടെയും സ്കാഡ പദ്ധതി നടപ്പിലാക്കുന്നതിനായി 83.15 കോടി രൂപയുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ അംഗീകരിച്ചിട്ടുണ്ട്.
രണ്ടാം ഭാഗത്തിലെ പ്രവൃത്തികൾ ചെയ്യുന്നതിനായി അടങ്കൽ തുകയുടെ 25% കേന്ദ്ര ഗവൺമെന്റ് ലോണായി നൽകുന്നതാണ്. പദ്ധതി വിജയകരമായി പൂർത്തിയാക്കുന്ന പക്ഷം അടങ്കൽ തുകയുടെ 50% വരെ ഗ്രാൻറായി മാറ്റുന്നതാണ്.

(ഡി) ഈ പദ്ധതിയുടെ ആദ്യഘട്ടം യഥാസമയം പൂർത്തിയാക്കാൻ

(ഡി) & ആർ. എ. പി.ഡി.ആർ.പി പാർട്ട്-എ യുടെ ഭാഗമായുള്ള ഐ. ടി പദ്ധതിയുടെ വിശദമായ

കഴിയുമോ എന്നും യഥാസമയം ഒന്നാംഘട്ടം പൂർത്തിയായില്ലെങ്കിൽ പദ്ധതി തന്നെ നഷ്ടപ്പെടുമെന്നും ലഭിച്ച തുക തിരിച്ചടയ്ക്കേണ്ടി വരുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ഇ) പ്രോജക്ട് റിപ്പോർട്ട് 26-11-2009 നാണ് സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ചത്. നിലവിലുള്ള നിബന്ധന പ്രകാരം പദ്ധതി നടത്തിപ്പിനായി ലോണായി നൽകുന്ന തുക ഗ്രാന്റ് ആകണമെങ്കിൽ മൂന്നു വർഷത്തിനകം അതായത്, 26-11-2012 നു മുമ്പായി പദ്ധതി പൂർത്തിയാക്കണം. എന്നാൽ മേൽപ്പറഞ്ഞ ഹൈക്കോടതി കേസുമായി ബന്ധപ്പെട്ട നടപടികൾ കാരണം ഏകദേശം രണ്ടു വർഷക്കാലയളവ് പദ്ധതി നടത്തിപ്പ് മുടങ്ങിയിട്ടുണ്ട്. ഈ വിവരം പി. എഫ്. സിയെ അറിയിക്കുകയും പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി നീട്ടിത്തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 08-05-2012-ലെ ഉത്തരവിൽ, സമയം നീട്ടി നൽകണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിനും പി. എഫ്.സിക്കും നൽകിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാം ഭാഗം യഥാസമയം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ.